1998-99 - കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ) പദ്ധതിയേതര ചെലവുകളിൽ കുറവ് വരുത്തുക, നികുതി നികുതിയിതര കുടിശ്ശിക പിരിവ് ഊർജ്ജിപ്പെടുത്തുക, നികുതിയിതര വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവ്, പുതിയ ടെലിഫോൺ കണക്ഷൻ, പുതിയ വാഹനം വാങ്ങൽ, യാത്രപ്പടി, അത്യാവശ്യമല്ലാത്ത തസ്തികകൾ സൃഷ്ടിക്കൽ എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വർഷം	വിഹിതം	ചെലവ്
	(രൂപ കോടിയിൽ)	
1996-97	1997-98 മുതൽ മാത്രമാണ് ജനകീയാസൂത്രണം നടപ്പിലാകുന്നത്	
1997-98	749.00	741.87
1998-99	950.00	946.73

(താല്ക്കാലിക കണക്ക്)

(ജി) പദ്ധതിയടങ്കൽ തുക 3100 കോടി രൂപയായിരുന്നു. പ്രസ്തുത വർഷം താല്ക്കാലിക കണക്കനുസരിച്ച് 3278.05 കോടി രൂപ ചെലവായിട്ടുണ്ട്.

3 (295) റവന്യൂ വരുമാനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)1998-99 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂ വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളവും യാത്രപ്പടിയും ഇനത്തിൽ എത്ര കോടി രൂപ ചെലവായിട്ടുണ്ട്.;

(സി) സംസ്ഥാന പെൻഷൻകാർക്കുള്ള പെൻഷൻ ഇനത്തിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ ചെലവായിട്ടുണ്ട്;

(ഡി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ എത്ര കോടി രൂപ ചെലവായിട്ടുണ്ട്;

(ഇ) പ്രസ്തുത വർഷത്തിലുണ്ടായ റവന്യൂ കമ്മി നികത്തുവാൻ സ്വീകരിച്ച മാർഗ്ഗം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ) റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്നതിനുവേണ്ടി പദ്ധതിയേതര ചെലവുകൾ ചുരുക്കാനും നികുതി-നികുതിയേതര കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിരുന്നു. കൂടാതെ സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവ്, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, യാത്രപ്പടി, പുതിയ ടെലിഫോൺ കണക്ഷൻ, പുതിയ വാഹനങ്ങൾ വാങ്ങൽ തുടങ്ങിയവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി നടപടികൾ സ്വീകരിച്ചു.

4 (296) സംസ്ഥാനത്തെ ഗ്രാമീണ ബാങ്കുകൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമീണബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിയന്ത്രണമോ കൈകാര്യ കർതൃത്വമോ ഉണ്ടോ;

(സി) ഇവ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(ഡി) ഇവ നൽകുന്ന വായ്പകളിന്മേൽ ഈടാക്കുന്ന പലിശ എത്രയാണ്;

(ഇ) ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ഇവ ചെലുത്തുന്ന സ്വാധീനം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് ഗ്രാമീണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവയുടെ ഓഹരി മൂലധനത്തിന്റെ 15% (പതിനഞ്ചു ശതമാനം) സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. ഓരോ ഗ്രാമീണ ബാങ്കിന്റെയും ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ സംസ്ഥാന സർക്കാരിന്റെ രണ്ടു നോമിനികൾ വീതമുണ്ട്.

(സി) ഗ്രാമപ്രദേശങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുക, ഗ്രാമീണരുടെയും പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളുടെയും ഉന്നമനത്തിനായി കാർഷികാവശ്യങ്ങൾക്കും മറ്റ് ഉല്പാദന പ്രവർത്തനങ്ങൾക്കും ഹ്രസ്വകാല ദീർഘകാല വായ്പകൾ വിതരണം ചെയ്യുക, സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പ നൽകുക എന്നീ പ്രവർത്തനങ്ങളാണ് ഇവ നടത്തി വരുന്നത്.

(ഡി) ഇവ നല്കുന്ന വായ്പകളിന്മേൽ 13% മുതൽ 18% പലിശ ഈടാക്കുന്നു.

(ഇ) ഗ്രാമപ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി എല്ലാ വിഭാഗക്കാർക്കും ആവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതു വഴി ഗ്രാമപ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിൽ ഗ്രാമീണ ബാങ്കുകൾ സുപ്രധാനമായ പങ്കു വഹിക്കുന്നു. സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇവ മുൻപന്തിയി

LIBRARY ARCHIVES Kerala Legislative Assembly